# ജൈവവൈവിധ്യ പരിപാലനം

## പ്രാദേശികതല കർമ്മപദ്ധതി തയ്യാറാക്കൽ

# (Preparation of Local Action Plan on Biodiversity Management)

## മാർഗ്ഗരേഖ

KERALA STATE BIODIVERSITY BOARD


കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്

# ജൈവവൈവിധ്യം


ഭൂമിയിലെ വിവിധങ്ങളായ സസ്യങ്ങളും ജന്തുക്കളും, സൂക്ഷ്മജീവികളും എല്ലാം ചേർന്ന ജൈവസമ്പന്നത യാണ് ജൈവവൈവിധ്യം (Biodiversity).

**പ്രധാനമായും മൂന്നു തലങ്ങളിൽ ജൈവവൈവിധ്യം പ്രകടമാകുന്നു.**

- ജനിതക വൈവിധ്യം
- ജൈവജാതി വൈവിധ്യം
- ആവാസ വ്യവസ്ഥാ വൈവിധ്യം





## ➢ ജനിതക വൈവിധ്യം (Genetic diversity)

- ജീനുകളിലെ വൈവിധ്യം
- ജനിതക വൈവിധ്യത്തെ വിവിധ രീതികളിൽ ഉപയോഗപ്പെടുത്തി വർദ്ധിച്ച ഉല്പ്പാദനശേഷിയും രോഗപ്രതിരോധ ശക്തിയുമുള്ള ജൈവജാതിയിനങ്ങളെ വികസിപ്പിച്ചെടുക്കാവുന്നതാണ്.

## ➢ ജൈവജാതി വൈവിധ്യം (Species diversity)

- അടിസ്ഥാന ഘടകം – സ്പീഷീസുകൾ
- വിവിധയിനം ജൈവജാതികൾ ഉൾപ്പെടുന്നു.  ഉദാ: തെങ്ങ്, നെല്ല്, മാവ്, പശു, ആന, കടുവ, തുടങ്ങിയവ.
- ഭൂമുഖത്ത് രേഖപ്പെടുത്തിയിട്ടുള്ള ജൈവജാതി വൈവിധ്യം ഏതാണ്ട് 1.75 ദശലക്ഷം!
- ആഗോള ജൈവജാതി വൈവിധ്യത്തിന്റെ 8.1 ശതമാനം ഇന്ത്യയിൽ!!




## ➢ ആവാസവ്യവസ്ഥാ വൈവിധ്യം (Ecosystem diversity)

**വിവിധങ്ങളായ ആവാസവ്യവസ്ഥകൾ ഉൾപ്പെടുന്നു.**

**ചില ഉദാഹരണങ്ങൾ**

- ✓ വനം
- ✓ തണ്ണീർത്തടങ്ങൾ
- ✓ കാവുകൾ
- ✓ കണ്ടലുകൾ
- ✓ കുന്നുകൾ
- ✓ തീരപ്രദേശം
- ✓ പുഴയോരങ്ങൾ
- ✓ പാറക്കെട്ടുകൾ, തുടങ്ങിയവ














# ജൈവവൈവിധ്യ പരിപാലന സമിതി (BMC)

**എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ജൈവവൈവിധ്യ നിയമം 2002, വകുപ്പ് 41, കേന്ദ്ര ജൈവവൈവിധ്യ ചട്ടങ്ങൾ 2004, ചട്ടം 22, സംസ്ഥാന ജൈവ വൈവിധ്യ ചട്ടങ്ങൾ 2008, ചട്ടം 20 എന്നിവ പ്രകാരം അവരുടെ അധികാര പരിധി യിലുൾപ്പെടുന്ന പ്രദേശത്തെ ജൈവവൈവിധ്യ സംരക്ഷണത്തിനായി രൂപീകരി ക്കുന്ന സമിതികളാണ് ജൈവവൈവിധ്യ പരിപാലന സമിതികൾ (BMCs).**





# ബി.എം.സി. കളുടെ പ്രധാന കർത്തവ്യങ്ങൾ

- ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ (പി.ബി.ആർ.) തയ്യാറാക്കൽ
- ജൈവവിഭവങ്ങളുടെ സംരക്ഷണവും, സുസ്ഥിരോപയോഗവും പ്രോത്സാഹിപ്പക്കുക
- ആവാസവ്യവസ്ഥകളുടെ പരിപാലനം
- പാരമ്പര്യ ഇനങ്ങൾ, നാടൻ ഇനങ്ങൾ, അപൂർവ്വ ഇനങ്ങൾ തുടങ്ങിയവയുടെ സംരക്ഷണം
- ജൈവവൈവിധ്യ പൈതൃക കേന്ദ്രങ്ങൾ (BHS) നിർദ്ദേശിക്കുക, പരിപാലിക്കുക.

# ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ (പി. ബി. ആർ.)

പ്രാദേശികമായിട്ടുള്ള ജൈവവൈവിധ്യത്തെയും, ആവാസ വ്യവസ്ഥകളെയും അനുബന്ധമായിട്ടുള്ള പരമ്പരാഗത അറിവുകളെയും സംബന്ധിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് ക്രോഡീകരിച്ചുകൊണ്ട് പ്രദേശ വാസികൾ തന്നെ തയ്യാറാക്കുന്ന രജിസ്റ്ററാണ് പി.ബി.ആർ.

ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ (പി.ബി.ആർ.) തയ്യാറാക്കൽ പ്രവർത്തനങ്ങൾക്ക് 2009 മുതൽ കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ നേതൃത്വത്തിൽ തുടക്കംകുറിക്കുകയും, 2019 ൽ പൂർത്തീകരിക്കുകയും ചെയ്തു.






## പി.ബി.ആർ. – തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജൈവവൈവിധ്യ അടിസ്ഥാനരേഖ

- പ്രാദേശികതലത്തിൽ ജൈവവൈവിധ്യ സംരക്ഷണത്തിന്
- ജൈവവിഭവങ്ങളുടെ സുസ്ഥിരോപയോഗം പ്രോത്സാഹിപ്പിക്കുന്നതിന്
- പ്രാദേശികതല ജൈവവൈവിധ്യ പരിപാലന കർമ്മപദ്ധതി തയ്യാറാക്കുന്നതിന്
- ജൈവവൈവിധ്യ പൈതൃക കേന്ദ്രങ്ങൾ കണ്ടെത്തി സംരക്ഷിക്കുതിന്
- സുസ്ഥിര വികസന ലക്ഷ്യങ്ങളിലെ പാരിസ്ഥിതിക പ്രാധാന്യമുള്ള ലക്ഷ്യങ്ങൾ 12, 13, 14, 15 അടിസ്ഥാനമാക്കി കർമ്മപദ്ധതികൾ തയ്യാറാക്കുതിന്



# പ്രാദേശികതല ജൈവവൈവിധ്യ സംരക്ഷണം എപ്രകാരം സാധ്യമാക്കാം?

- പ്രാദേശിക പാരിസ്ഥിതിക സാഹചര്യങ്ങളെക്കുറിച്ചും, ജൈവിഭവങ്ങളെക്കുറിച്ചും അവബോധമുണ്ടാകുക.
- ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ (പി.ബി.ആർ.) അടിസ്ഥാനമാക്കി സംരക്ഷണ പദ്ധതികൾ ആവിഷ്ക്കരിക്കുക.
- പി.ബി.ആർ. കാലാനുസൃതമായി അപ്ഡേറ്റ് ചെയ്യുക.
- തദ്ദേശീയമായിട്ടുള്ള നാട്ടറിവുകളും, പരമ്പരാഗത രീതികളും, സ്ഥാനീയ ജീവജാലങ്ങളെയും സംരക്ഷിക്കുക, വീണ്ടെടുക്കുക.





# പ്രാദേശികതല ജൈവവൈവിധ്യ സംരക്ഷണം എപ്രകാരം സാധ്യമാക്കാം?



# ജൈവവൈവിധ്യ പരിപാലനം
# പ്രദേശികതല കർമ്മ പദ്ധതികളിലൂടെ



# പ്രാദേശികതല ജൈവവൈവിധ്യ പരിപാലന കർമ്മപദ്ധതി തയ്യാറാക്കൽ

## ഉദ്ദേശ-ലക്ഷ്യങ്ങൾ

ജൈവവൈവിധ്യ സംരക്ഷണം, പരിപാലനം, പോഷണം എന്നിവയ്ക്കായുള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുക,

പരിസ്ഥിതി സംരക്ഷിച്ചുകൊണ്ടുള്ള സുസ്ഥിര വികസന പദ്ധതികൾ പ്രാദേശികാടിസ്ഥാനത്തിൽ തയ്യാറാക്കുക,

കാലാവസ്ഥാ വ്യതിയാനത്തെ അനുരൂപപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളുടെ ആസൂത്രണം, അവയ്ക്ക് അനുയോജ്യമായ രീതിയിൽ ജൈവവൈവിധ്യ പരിപാലന കർമ്മപദ്ധതി തയ്യാറാക്കുക.





# പ്രവർത്തനരീതി

തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറി (മെമ്പർ സെക്രട്ടറി, ബി.എം.സി.) → **നിർവ്വഹണോദ്യോഗസ്ഥൻ**

↓

ജൈവവൈവിധ്യ പരിപാലന സമിതി (ബി.എം.സി.) → **നിർവ്വഹണം**

↓

തദ്ദേശസ്വയംഭരണസ്ഥാപന ഭരണസമിതി, ജൈവവൈവിധ്യ മാനേജ്മെന്റ്, കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്തനിവാരണ വർക്കിംഗ് ഗ്രൂപ്പ്. → **മേൽനോട്ടം**

# പ്രവർത്തനരീതി

## സംസ്ഥാനതല ശില്പശാല

↓

## വിദഗ്ദ്ധസമിതിയുടെ രൂപീകരണം

(കൃഷി, മൃഗസംരക്ഷണം, ഫിഷറീസ്, വനം, വിദ്യാഭ്യാസം തുടങ്ങിയ അനുബന്ധ വകുപ്പുകൾ/ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ).

↓

## സന്നദ്ധസംഘത്തിന്റെ തിരഞ്ഞെടുക്കൽ

(കൃഷി, മൃഗസംരക്ഷണം, ഫിഷറീസ്, വനം, വിദ്യാഭ്യാസം തുടങ്ങിയ അനുബന്ധ വകുപ്പുകൾ/ സ്ഥാപനങ്ങളിൽ നിന്നും വിരമിച്ച ഉദ്യോഗസ്ഥർ, വിരമിച്ച അധ്യാപകർ, പ്രദേശത്തെ സ്കൂളുകൾ/ കോളേജുകൾ എന്നിവിടങ്ങളിലെ അധ്യാപകർ (പരിസ്ഥിതി– ജൈവവൈവിധ്യ വിഷയവുമായി ബന്ധമുള്ളവർ), ഗവേഷകർ, സിറ്റിസൺ സയന്റിസ്റ്റുകൾ, പ്രാദേശികമായിട്ടുള്ള പരിസ്ഥിതി– ജൈവവൈവിധ്യ സന്നദ്ധ സംഘടനകളിലെ അംഗങ്ങൾ, പ്രാദേശികതല വിദഗ്ദർ, കോളേജുതലത്തിലെ വിദ്യാർത്ഥികൾ, കോളേജുകളിലെ എൻ.സി.സി., എൻ.എസ്.എസ്. സംഘങ്ങൾ, തുടങ്ങിയവർ).

↓

## കോർഡിനേറ്ററെ തിരഞ്ഞെടുക്കൽ

(LBSAP കോർഡിനേറ്റർ:– പ്രവർത്തനങ്ങളുടെ ഏകോപനത്തിനായി ബി.എം.സി. കോർഡിനേറ്റർ/ സന്നദ്ധ സംഘാംഗങ്ങളിൽ നിന്നും ബി.എം.സി. നിർദ്ദേശിക്കുന്ന ഒരാളെ കോർഡിനേറ്ററായി തിരഞ്ഞെടുക്കാവുന്നതാണ്).

# പ്രവർത്തനരീതി

**സംസ്ഥാനതല/ജില്ലാതല ശില്പശാല**

↓

(തദ്ദേശസ്വയംഭരണസ്ഥാപന ഭരണസമിതി, മാനേജ്മെന്റ്, കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്തനിവാരണ വർക്കിംഗ് ഗ്രൂപ്പ്, ബി.എം.സി., വിദഗ്ദ്ദ സമിതി, തിരഞ്ഞെടുത്ത സന്നദ്ധ സംഘാംഗങ്ങൾ, കോർഡിനേറ്റർ എന്നിവർക്കായുള്ള സംസ്ഥാനതല/ ജില്ലാതല പരിശീലനം സംസ്ഥാന ജൈവവൈവിധ്യ ബോർഡ് നൽകുന്നതാണ്).

↓

**ബി.എം.സി. തല പരിശീലനങ്ങൾ**

↓

**വിവരശേഖരണം**

↓

1. പ്രാഥമികതലം

↓

2. ദ്വിതീയതലം

# വിവരശേഖരണം

## 1. പ്രാഥമികതലം

1. ശില്പശാല, 2. വാർഡുതല ഫോക്കൽ ഗ്രൂപ്പ് ചർച്ച്

## 2. ദ്വിതീയതലം

(തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പി.ബി.ആർ., വാട്ടർഷെഡ് മാസ്റ്റർ പ്ലാൻ (നീർത്തട വികസന രേഖ), Baseline data report from Statistical Department, Local Action Plan on Climate Change, നഗരാസൂത്രണ പ്ലാൻ/റിപ്പോർട്ട്, വികസന രേഖ, പദ്ധതി രേഖ, സെൻസസ് റിപ്പോർട്ട്, എസ്.സി./എസ്.ടി. സർവ്വെ റിപ്പോർട്ട്, ജില്ലാ ആസൂത്രണ പദ്ധതി രേഖ, നിയമസഭമണ്ഡലതല റിപ്പോർട്ട്, വില്ലേജ് പോവർട്ടി റിഡക്ഷൻ പ്ലാൻ റിപ്പോർട്ട്, ലാന്റ് യൂസ് ബോർഡ് മാപ്പുകൾ, ജി.ഐ.എസ്. മാപ്പിംഗ്, സാമൂഹിക സാമ്പത്തിക സർവ്വേ റിപ്പോർട്ട്, വിഭവ ഭൂപട റിപ്പോർട്ട്, ദുരന്ത നിവാരണ പദ്ധതിരേഖ, പഞ്ചായത്തുതല ചരിത്രരേഖ തുടങ്ങിയവ)

**അവസ്ഥാ വിശകലനം, കർമ്മപദ്ധതി തയ്യാറാക്കൽ**

**അംഗീകാരം നൽകൽ**

**കർമ്മപദ്ധതി നടപ്പിലാക്കൽ**

## നേതൃത്വം

- മേൽനോട്ട സമിതി, നിർവ്വഹണ സമിതി, നിർവ്വഹണ ഉദ്യോഗസ്ഥൻ

## തയ്യാറാക്കുന്നവർ

- വിദഗ്ദ സമിതി:- കൃഷി, മൃഗസംരക്ഷണം, ഫിഷറീസ്, വനം, വിദ്യാഭ്യാസം തുടങ്ങിയ അനുബന്ധ വകുപ്പുകൾ/ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ.
- ആവശ്യമായ വിവരശേഖരണത്തിലൂടെ അവസ്ഥാ വിശകലനം നടത്തി, പ്രാദേശികതല കർമ്മപദ്ധതി തയ്യാറാക്കുന്നതിനുള്ള സന്നദ്ധ സംഘം
- കോർഡിനേറ്റർ

## പ്രവർത്തനരീതി

- പരിശീലനം, വിവരശേഖരണം (പ്രാഥമികതലം, ദ്വിതീയതലം), അവസ്ഥാ വിശകലനം, കർമ്മപദ്ധതി തയ്യാറാക്കൽ, അംഗീകാരം നൽകൽ, കർമ്മപദ്ധതി നടപ്പിലാക്കൽ

**കാലയളവ്:** കെ.എസ്.ബി.ബി. യിൽ നിന്നുള്ള പരിശീലനത്തെ തുടർന്നുള്ള 6 മാസം.

# ഫണ്ട് വിനിയോഗം –ആകെ 1.00 ലക്ഷം

| ക്രമ നം | ഇനം | തുക |
|---|---|---|
| 1 | ശില്പശാല, ഫോക്കൽ ഗ്രൂപ്പ് ചർച്ച (വാർഡുതലം), കർമ്മപദ്ധതി തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ടുള്ള അനുബന്ധ യോഗങ്ങൾ എന്നിവയുടെ നടത്തിപ്പ്, ടി.എ. (ബി.എം.സി. അംഗങ്ങൾക്ക്), തുടങ്ങിയവ. സദ്ധ സംഘാംഗങ്ങൾക്ക് യാത്ര, ഭക്ഷണം എന്നിവയ്ക്കായുള്ള ഓണറേറിയം, കോർഡിനേറ്റർക്കുള്ള ഓണറേറിയം | 1,00,000/- |
| 2 | ഡാറ്റാ എൻട്രി, പ്രിന്റിംഗ്, റിപ്പോർട്ട് തയ്യാറാക്കൽ | |
| 3 | പ്രാദേശികതല ജൈവവൈവിധ്യ പരിപാലന കർമ്മപദ്ധതി, ആസൂത്രണം, നിർവ്വഹണത്തിന്റെ ഭാഗമായുള്ള അനുബന്ധ ശില്പാശാലകൾ സംഘടിപ്പിക്കൽ | |
| 4 | പലവക | |
| | **ആകെ** | 1,00.000/- |

# LBSAP പദ്ധതി പൂർത്തിയാക്കിയ തദ്ദേശഭരണ സ്ഥാപനങ്ങൾ

- **പൈലറ്റ് പദ്ധതിയായി 2022–23 കാലയളവിൽ ആലപ്പുഴ, ഇടുക്കി, കണ്ണൂർ ജില്ലകളിലെ 21 ഗ്രാമപഞ്ചായത്തുകളിൽ പദ്ധതി നടപ്പിലാക്കി വരുന്നു.**
- **2023–24 കാലയളവിൽ എല്ലാ ജില്ലകളിൽ നിന്നുമായി തിരഞ്ഞെടുത്ത 25 ബി.എം.സി. കളിൽ പദ്ധതി നടപ്പിലാക്കി വരുന്നു.**
- **പദ്ധതി പൂർത്തിയാക്കിയവർ**
  - ✓ **മലപ്പട്ടം ഗ്രാമപഞ്ചായത്ത് (കണ്ണൂർ)**
  - ✓ **വെള്ളിയാമറ്റം ഗ്രാമപഞ്ചായത്ത് (ഇടുക്കി)**
  - ✓ **അറക്കുളം ഗ്രാമപഞ്ചായത്ത് (ഇടുക്കി)**





**മലപ്പട്ടം ഗ്രാമപഞ്ചായത്ത് (കണ്ണൂർ)**



**വെള്ളിയാമറ്റം ഗ്രാമപഞ്ചായത്ത് (ഇടുക്കി)**



**അറക്കുളം ഗ്രാമപഞ്ചായത്ത് (ഇടുക്കി)**

# അവസ്ഥ വിശകലന ഫോറങ്ങൾ


നന്ദി